അമരവിള എൽ.എം.എസ്.ഹയർ സെക്കണ്ടറി സ്കൂളിലെയും ചെമ്പൂർ എൽ.എം.എസ്. ഹയർ സെക്കണ്ടറി സ്ക്കൂളിലെയും പ്ലസ് ടു അദ്ധ്യാപകർക്ക് ഇതുവരെ ശമ്പളം കൊടുത്തിട്ടില്ല. അത് ഉടനെ നൽകുന്നതിന് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം കൊടുക്കണം. അതുപോലെതന്നെ ഗവൺമെന്റ് ഹൈസ്കൂളുകളിലെ പല കെട്ടിടങ്ങളും തകർന്നുകിടക്കുകയാണ്. ഉദാഹരണത്തിന് പാറശ്ശാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ കെട്ടിടം തകർന്നുകിടക്കുകയാണ്. ഇത് പുതുക്കി പണിയണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അത് പഞ്ചായത്തുതലത്തിൽ ഏൽപ്പിച്ചാൽ പോരാ, ഡിപ്പാർട്ടുമെന്റിനെതന്നെ ഏൽപ്പിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിലെ കുളത്തൂർ ജെ.ടി.എസിനെ പോളിടെക്നിക്കായി ഉയർത്തി ഉത്തരവായെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ഉത്തരവിനെ മരവിപ്പിച്ചിരിക്കുകയാണ്. ഈ കൊല്ലംതന്നെ ജെ.ടി.എസ്. അപ്ഗ്രേഡ് ചെയ്ത് പോളിടെക്നിക്കാക്കുന്നതിനുള്ള നടപടിയുണ്ടാകണം. അവിടത്തെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണിയും ആരംഭിക്കണം.

ഭവനനിർമ്മാണത്തെക്കുറിച്ച് ഒന്നു രണ്ട് കാര്യങ്ങൾ പറയാനുണ്ട്. വീടില്ലാത്ത ദുർബലവിഭാഗങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ മുഖേനയും മറ്റു ഭവനനിർമ്മാണ ഏജൻസിവഴിയും വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നത് സന്തോഷകരമാണ്. എന്നാൽ സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന പനകയറ്റത്തൊഴിലാളികളെ പാടേ അവഗണിച്ചിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് നൽകുന്ന രീതിയിലുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി പനകയറ്റത്തൊഴിലാളികൾക്കും നൽകി സഹായിക്കണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഒരു സബ്മിഷൻ അവതരിപ്പിക്കാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കോളേജിലെ പ്രിൻസിപ്പാളിനെ അടക്കം തല്ലിയിരിക്കുന്നു. അവരെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ പ്രശ്നം ഉന്നയിക്കാൻ അങ്ങ് എനിക്ക് അവസരം നൽകണം.....ബഹളം.....

അറിയിപ്പ്

<u>മി. ഡെ. സ്പീക്കർ</u> : ഇപ്പോൾ സബ്മിഷനൊന്നും അനുവദിക്കാൻ പറ്റുകയില്ല. അങ്ങ് ഞാൻ പറയുന്നത് കേൾക്കണം. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ സീനിയറായ ഒരു മെമ്പർ ഇത്തരത്തിൽ പെരുമാറാൻ പാടില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഒരു കത്ത് എഴുതിതന്നിട്ടുണ്ട്. അടൂർ എഞ്ചിനീയറിംഗ് കോളേജിലെ സൗകര്യം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തിയ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പ്രിൻസിപ്പാളിനെയുമടക്കമുള്ളവരെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ വച്ചിരിക്കുന്നുവെന്നും അവരെ വിടുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു. ഇതാണ് കത്ത്. ഇത് നടപടി സ്വീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

ധനകാര്യം (തുടർച്ച)

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം, ഭവന നിർമ്മാണം എന്നീ വിഷയങ്ങളെക്കുറിച്ച് നിരവധി നേട്ടങ്ങൾ സന്തോഷത്തോടുകൂടി വിവരിക്കാനുണ്ടെങ്കിലും വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കിയിരി

LIBRARY ARCHIVES Kerala Legislative Assembly